### ഐ.ടി@സ്കൂൾ പ്രോജക്ട്

# പൗരാവകാശരേഖ


ഐ.ടി@സ്കൂൾ പ്രോജക്ട്, പൊതുവിദ്യാഭ്യാസ വകുപ്പ്,
എസ്.സി.ഇ.ആർ.ടി ബിൽഡിംഗ്, പൂജപ്പുര, തിരുവനന്തപുരം-12



www.itschool.gov.in

പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സർക്കാർ

# ആമുഖം

സർക്കാർ ഓഫീസുകളിൽനിന്ന് ലഭ്യമാകുന്ന സേവനം ഔദാര്യമല്ല, മറിച്ച് പൗരന്റെ അവകാശമാണ്. സിവിൽ സർവീസിന്റെ മേന്മ ഉയർത്താനും പൗരന് എല്ലാവിധ സേവനങ്ങളും ഉറപ്പാക്കാനുമാണ് വിവിധ വകുപ്പുകൾ പൗരാവകാശ രേഖകൾ പ്രസിദ്ധീകരിക്കുന്നത്. അറിയാനുള്ള പൗരന്റെ അവകാശം സംരക്ഷിക്കുക എന്നത് ജനാധിപത്യ സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. പൗരന്മാരും സിവിൽ സർവീസും തമ്മിലുള്ള അകലം കുറയ്ക്കുന്നതിനും വകുപ്പുകളുടെ നേട്ടങ്ങൾ അറിയാനുള്ള പൗരന്റെ അവകാശം സൃഷ്ടിക്കുന്നതിനും പൗരാവകാശരേഖ ഉപകരിക്കും എന്ന് കരുതുന്നു. ഐ.ടി@സ്കൂൾ പ്രോജക്ടിൽനിന്നും ലഭിക്കുന്ന സേവനം ഓരോ സേവനവും ലഭ്യമാകുന്ന ഓഫീസ്, ഇതു സംബന്ധമായ നിബന്ധനകൾ ഇവ അറിയാനുള്ള പരമാവധി സമയം എന്നിവ സുതാര്യമായി പ്രഖ്യാപിക്കുക എന്നതും പൗരാവകാശരേഖ ലക്ഷ്യം വയ്ക്കുന്നു.

സംസ്ഥാന ഐ.ടി@സ്കൂൾ പ്രോജക്ട് തയാറാക്കിയ പൗരാവകാശരേഖ പൊതുജനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തും എന്ന് പ്രത്യാശിക്കുന്നു. ഈ രേഖ കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമായിരിക്കും. പുതിയ വിവരങ്ങൾ www.itschool.gov.in എന്ന വെബ്സൈറ്റിൽ നൽകുന്നതാണ്.

12.11.2009

**കെ. അൻവർ സാദത്ത്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി@സ്കൂൾ പ്രോജക്ട്
പൊതുവിദ്യാഭ്യാസ വകുപ്പ്.

## ഐ.ടി@സ്കൂൾ പ്രോജക്ട് – ഒറ്റനോട്ടത്തിൽ

- സ്വതന്ത്ര സോഫ്ട്വെയർ അധിഷ്ഠിതമായി ഐ.സി.ടി പ്രവർത്തനങ്ങൾ നടത്തുന്ന ലോകത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ സംരംഭം.
- പ്രതിവർഷം 30 ലക്ഷത്തോളം സ്കൂൾ വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് സൗകര്യമൊരുക്കുന്നു.
- വിദ്യാഭ്യാസ വകുപ്പിൽ സാങ്കേതിക സഹായവും സ്കൂൾ വിദ്യാഭ്യാസത്തിൽ ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങളും നടത്തുന്നു.
- 5600 സ്കൂൾ ഐടി കോർഡിനേറ്റർമാരുടെയും 200-ഓളം മാസ്റ്റർ ട്രെയിനർമാരുടെയും ശൃംഖല വഴി പദ്ധതി പ്രാവർത്തികമാക്കുന്നു.
- നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനത്തിലൂടെ ഐ.സി.ടി പദ്ധതി പ്രാവർത്തികമാക്കുന്നു.
- ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ മറ്റു വിഷയങ്ങളുടെ പഠനവും രസപ്രദവും ലളിതവുമാക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്കും അധ്യാപകർക്കുമായി പരിശീലനവും സഹായവും നൽകുന്നു.
- സ്കൂളുകളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- പ്രവർത്തനരഹിതമായ കമ്പ്യൂട്ടറുകളുടെ തകരാറുകൾ അറിയിക്കുന്നതിന് ടോൾഫ്രീ കോൾസെന്ററും ഓൺലൈനായി പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും
- കമ്പ്യൂട്ടറിന്റെ തകരാറുകൾ പരിഹരിക്കുന്നതിന് ഹാർഡ്വെയർ ക്ലിനിക്കുകൾ
- വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- 'എഡ്യൂസാറ്റ്' ഉപഗ്രഹത്തിന്റെ പ്രയോജനം സംസ്ഥാനത്ത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുന്നു.
- സംസ്ഥാന സർക്കാരിന്റെ ഏക ടിവി ചാനലായ 'വിക്ടേഴ്സ്' പദ്ധതി നടപ്പിലാക്കുന്നു.
- സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നു.

**ഉള്ളടക്കം**


1. **പ്രധാന പ്രവർത്തന മേഖലകൾ**
    - സ്വതന്ത്ര സോഫ്റ്റ്‌വെയർ
    - അധ്യാപക പരിശീലനം
    - പശ്ചാത്തലസൗകര്യവികസനം - ഐ.സി.ടി. സ്കീം
    - ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യമാക്കൽ
    - ഐ.ടി അധിഷ്ഠിത പഠനവിഭവങ്ങൾ
    - ഐ.ടി. അവാർഡ്, ഐ.ടി. മേളകൾ
    - ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ
    - ഹാർഡ്‌വെയർ പരിപാലനത്തിന് കോൾസെന്ററും പോർട്ടലും
    - ഹാർഡ്‌വെയർ ക്ലിനിക്ക്
2. **സ്കൂൾവിക്കി**
3. **ഭരണനിർവഹണം**
4. **ഐ.സി.ടി. സെൽ**
5. **ജില്ലാ ഓഫീസുകൾ**
6. **എഡ്യൂസാറ്റ് ശൃംഖലയും വിക്ടേഴ്സ് ചാനലും**
7. **ബഹുമതികൾ**

# ഐ.ടി@സ്കൂൾ പ്രോജക്ട് – പ്രധാന പ്രവർത്തനമേഖലകൾ

സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി വിദ്യാഭ്യാസം നടപ്പാക്കുന്നതിന് വേണ്ടി 2000-ലാണ് പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഐ.ടി@സ്കൂൾ പ്രവർത്തനം തുടങ്ങുന്നത്. ഐ.ടി പഠന വിഭവങ്ങൾ തയാറാക്കുക, അധ്യാപക പരിശീലനം നടത്തുക, സ്കൂളുകളിലെ ഐ.ടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, അധ്യയനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ എഡ്യൂസാറ്റ്, ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിക്കുക തുടങ്ങിയവയാണ് ഐ.ടി@സ്കൂളിന്റെ പ്രധാന പ്രവർത്തനമേഖലകൾ. 8, 9, 10 ക്ലാസുകളിലെ ഐ.ടി പഠനവുമായി ആരംഭിച്ച പ്രോജക്ട് ഇപ്പോൾ 5, 6, 7, 11, 12 ക്ലാസുകളിലേക്കുകൂടി ഐ.സി.ടി അധിഷ്ഠിത പഠനപ്രവർത്തനങ്ങളും പ്രോജക്ടിന്റെ സേവനമേഖലയും വ്യാപിപ്പിച്ചിട്ടുണ്ട്.

- **സ്വതന്ത്ര സോഫ്റ്റ്‌വെയർ**

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഐ.ടി/ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ടി@സ്കൂൾ പ്രോജക്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഡബിയൻ ഡിസ്ട്രിബ്യൂഷൻ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്ത 'ഐ.ടി@സ്കൂൾ ഗ്നു/ലിനക്സ്' ഓപ്പറേറ്റിംഗ് സിസ്റ്റമാണ് സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി/ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വിതരണം ചെയ്തിരിക്കുന്നത്. 2007 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽമാത്രം എസ്.എസ്.എൽ.സി. ഐ.ടി പരീക്ഷയും നടത്തി വരുന്നു.

- **അധ്യാപകർക്കുള്ള പരിശീലനം**

***ഐ.ടി പരിശീലനം*** - നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് പദ്ധതി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. 2002 മുതൽ ഹൈസ്കൂൾ അധ്യാപകർക്ക് സംസ്ഥാനത്തുടനീളം തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽവച്ച് ഐ.ടി പരിശീലനം നൽകിവരുന്നു. 2007 മുതൽ അപ്പർ പ്രൈമറി അധ്യാപകർക്കും ഹൈസ്കൂൾ അധ്യാപകർക്കും ഐ.ടി അധിഷ്ഠിത പരിശീലനവും നല്കുന്നുണ്ട്. സെക്കണ്ടറി സ്കൂൾ അധ്യാപക ശാക്തീകരണ പരിശീലന പരിപാടിയിൽ ഐ.ടി അധിഷ്ഠിതമായി വിനിമയം നടത്താൻ കഴിയുന്ന പാഠഭാഗങ്ങൾ കണ്ടെത്തി പഠനവിഭവങ്ങളാക്കി അധ്യയനപ്രക്രിയ കൂടുതൽ ഫലപ്രദവും രസകരവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

***ഐ.ടി അധിഷ്ഠിത പരിശീലനം*** – ഹൈസ്കൂൾ ക്ലാസുകളിലെയും അപ്പർ പ്രൈമറി ക്ലാസുകളിലെയും അധ്യാപകർക്ക് ഐ.ടി അധിഷ്ഠിത പരിശീലനവും നൽകുന്നുണ്ട്. സെക്കണ്ടറിതലത്തിൽ ഗണിതം, സാമൂഹ്യശാസ്ത്രം, രസതന്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, മലയാളം തുടങ്ങിയ വിഷയങ്ങൾ ഐ.ടി അധിഷ്ഠിതമായി വിനിമയം ചെയ്യുന്നതിന് അധ്യാപക പരിശീലനവും പഠനവിഭവങ്ങളും നൽകുന്നുണ്ട്. ഭൗതീകശാസ്ത്രവുമായി ബന്ധപ്പെട്ട ചില പരീക്ഷണങ്ങൾക്ക് സഹായകമായ 'ഫീനിക്സ്' കിറ്റ് 100 സ്കൂളുകൾക്ക് സൗജന്യമായി നൽകി പ്രവർത്തനങ്ങൾ നടത്തുന്നു.

***ഇന്റർനെറ്റ് പരിശീലനം*** - പ്രോജക്ട് എല്ലാ ഹൈസ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബി.എസ്.എൻ.എല്ലിന്റെ സഹായത്തോടെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ശരിയായ അർഥത്തിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും ഏറ്റവും കുറഞ്ഞത് 10 മണിക്കൂർ എങ്കിലും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഒരുക്കണ മെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

***ഹാർഡ്‌വെയർ പരിശീലനം*** - സംസ്ഥാനത്തെ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും തകരാറുകൾ പരിഹരിക്കുന്നതിനും ഹൈസ്കൂൾ വിദ്യാർഥികളുടെ ഹാർഡ്‌വെയർ പഠനം സഹായിക്കുന്നതിനും അധ്യാപകർക്ക് ഹാർഡ്‌വെയർ പരിശീലനം നൽകുന്നു.

***ഇൻസൈറ്റ്*** –കേരള സംസ്ഥാന ഐ.ടി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ഇൻസൈറ്റ്' എന്ന പദ്ധതി സംസ്ഥാനത്തെ കാഴ്ചക്കുറവുള്ളവർക്ക് ഐ.ടി പരിശീലനം നൽകിവരുന്നുണ്ട്. ഈ സംവിധാനത്തിന്റെ സഹായത്തോടെ ഐ.ടി@സ്കൂൾ പ്രോജക്ട് സംസ്ഥാനത്തെ സാധാരണ സ്കൂളുകളിലെയും കാഴ്ചക്കുറവുള്ളവർക്കായുള്ള സ്പെഷ്യൽ സ്കൂളുകളിലെയും അധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറധിഷ്ഠിതമായി ഐ.ടി പരിശീലനം നൽകിവരുന്നു.

***കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം*** – കോഴിക്കോട് DOEACC എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തിന്റെ സഹായത്തോടെ പ്രോജക്ടിലെ മാസ്റ്റർ ട്രെയിനർമാർക്ക് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പരിശീലനം നൽകിയിട്ടുണ്ട്. 'മൂഡിൽ' ഉപയോഗിച്ച് തയാറാക്കിയ പാഠഭാഗങ്ങൾ അധ്യാപകർക്കും മറ്റുള്ളവർക്കും ഉപയോഗിക്കുന്നതിനായി ഓൺലൈനായി ലഭ്യമാക്കിവരുന്നുണ്ട്.

***വീഡിയോ നിർമാണ പരിശീലനം*** – പഠനബോധന പ്രക്രിയ ലളിതവും രസകരവുമാക്കുന്നതിന് സഹായകമായ ചലച്ചിത്രങ്ങളും പാഠഭാഗങ്ങളും തയാറാക്കുന്നതിന് വീഡിയോ ക്യാമറ ഉപയോഗിക്കുന്നതിനുള്ള പരിശീലനം 38 വിദ്യാഭ്യാസ ജില്ലയിലെയും തെരഞ്ഞെടുത്ത മാസ്റ്റർ ട്രെയിനർമാർക്ക് നൽകിയിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ ജില്ലകൾക്കും ആവശ്യപ്പെട്ടിട്ടുള്ള ഹൈസ്കൂളുകൾക്കും ഐ.സി.ടി പദ്ധതിയുടെ ഭാഗമായി ഹാന്റിക്യാം ലഭ്യമാക്കിയിട്ടുണ്ട്. 'വിക്ടേഴ്സ്' ചാനലിലേക്ക് വിഭവങ്ങൾ പ്രാദേശികതലത്തിൽ തയാറാക്കി നൽകുക എന്നതും ഈ പരിശീലനത്തിന്റെ പ്രധാന ഉദ്ദേശ്യമാണ്.

- **പശ്ചാത്തല സൗകര്യ വികസനം – ഐ.സി.ടി. സ്കീം**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) സ്കീമിലുൾപ്പെടുത്തി സംസ്ഥാനത്തെ സെക്കണ്ടറി/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളുടെ ഐ.ടി അനുബന്ധ സൗകര്യവും പശ്ചാത്തലസൗകര്യവും വികസിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പ്രോജക്ട് നടത്തിവരികയാണ്. 2007-08 അധ്യയനവർഷംമുതൽ 1016 സർക്കാർ ഹൈസ്കൂളുകളിൽ ആരംഭിച്ച ഐ.സി.ടി സ്കീം 2008-09 മുതൽ ഹയർ സെക്കണ്ടറി മേഖലയിലെ 3055 സ്കൂളുകളിൽകൂടി വ്യാപിപ്പിക്കുന്നതിന് പ്രോജക്ടിന് കഴിഞ്ഞിട്ടുണ്ട്. എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കുകൂടി ഐ.സി.ടി പദ്ധതി

വ്യാപിപ്പിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ 4071 സ്കൂളുകളിൽ ഇതിന്റെ പ്രയോജനം ലഭ്യമാകും.

ഐ.സി.ടി. സ്കീമിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യു.പി.എസുകൾ, ഹാന്റിക്യാമുകൾ, ജനറേറ്ററുകൾ തുടങ്ങിയ ഉപകരണങ്ങൾ 2007-08 സാമ്പത്തിക വർഷംമുതൽ സ്കൂളുകൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. സ്കൂളുകളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നത് സ്കൂളുകളുടെ ആവശ്യകത അനുസരിച്ചാണ്. സ്കൂൾതലത്തിൽ പ്ലാനിംഗ് വർക്ക്ഷോപ്പുകൾ നടത്തിയാണ് സ്കൂളുകളുടെ ആവശ്യകത കണ്ടെത്തുന്നത്. പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ദേശീയതലത്തിൽ ടെണ്ടർ ക്ഷണിച്ചാണ് ഹാർഡ്വെയർ ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. പ്രോജക്ട് ലഭ്യമാക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരവും വിലയും പരിശോധിക്കുന്നതും നിജപ്പെടുത്തുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ നിർദേശാനുസരണമാണ്.

- **ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യമാക്കൽ**

സംസ്ഥാനത്തെ എല്ലാ സർക്കാർ ഹൈസ്കൂൾ/ഹയർ/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾക്കും പ്രോജക്ട് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഐ.സി.ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എയ്ഡഡ് ഹൈസ്കൂൾ/ഹയർ/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ബ്രോഡ്ബാന്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബ്രോഡ്ബാന്റ് സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ വയർലെസ് രൂപത്തിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ ബ്രോഡ്ബാന്റ് സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ഈ സൗകര്യവും നൽകുന്നതാണ്.

- **ഐ.ടി അധിഷ്ഠിത പഠനവിഭവങ്ങൾ**

ഐ.ടി പഠനത്തോടൊപ്പം മറ്റു വിഷയങ്ങൾ ഐ.ടിയുടെ സഹായത്താൽ വിനിമയം ചെയ്യുന്ന രീതിയാണ് ഐ.ടി അധിഷ്ഠിത പഠനം. പഠനബോധന പ്രക്രിയ രസകരവും ലളിതവും കൂടുതൽ ഫലപ്രദവുമാക്കുന്നതിന് ഐ.സി.ടിയുടെ സാധ്യതകൾകൂടി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് നടത്തിവരികയാണ്. 2005ൽ എട്ടാംക്ലാസിലെ പാഠപുസ്തകങ്ങളെ അധിഷ്ഠിതമാക്കി പഠനവിഭവ സിഡി തയാറാക്കി സ്കൂളുകൾക്ക് സൗജന്യമായി വിതരണം ചെയ്തു. 2007-08 അധ്യയനവർഷം 5, 7 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകത്തിനനുസൃതമായി ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ഐ.ടി അധിഷ്ഠിതമായി വിനിമയം ചെയ്യാൻ കഴിയുന്ന പാഠഭാഗങ്ങൾ കണ്ടെത്തി പഠനസഹായ സീഡി തയാറാക്കി അപ്പർ പ്രൈമറി സ്കൂളുകൾക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 6, 8 ക്ലാസുകളിലേക്കുള്ള ഇത്തരം സീഡി തയാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ ഗണിതം, സാമൂഹ്യശാസ്ത്രം, രസതന്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, മലയാളം എന്നീ വിഷയങ്ങളുടെ പഠനം ഫലപ്രദവും രസകരവുമാക്കുന്നതിന് പ്രവർത്തനാധിഷ്ഠിത പാഠഭാഗങ്ങൾ കണ്ടെത്തി ഐ.ടിയുടെ സഹായത്താൽ വിനിമയം ചെയ്യുന്നതിന് സ്കൂളുകളിലേക്ക് ബന്ധപ്പെട്ട സോഫ്റ്റ്വെയറുകൾ പ്രോജക്ട് ലഭ്യമാക്കിയിട്ടുണ്ട്.

- **ഐ.ടി അവാർഡ്, ഐ.ടി മേളകൾ**

2006 മുതൽ സംസ്ഥാനത്തെ ഏറ്റവും മികച്ച കമ്പ്യൂട്ടർ ലാബുള്ള സർക്കാർ ഹൈസ്കൂളിനും എയ്ഡഡ് ഹൈസ്കൂളിനും ജില്ലയിലെ മികച്ച കമ്പ്യൂട്ടർ ലാബുകൾ ഉള്ള സ്കൂളുകൾക്കും ഏറ്റവും മികച്ച ഐടി പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാഭ്യാസ ജില്ലയ്ക്കും പ്രത്യേക അവാർഡുകൾ നൽകുന്നുണ്ട്. 2008-09 അധ്യയനവർഷം മുതൽ സംസ്ഥാനത്തെ ഏറ്റവും മികച്ച കമ്പ്യൂട്ടർ ലാബുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകൾക്കുള്ള അവാർഡ് തുക 2 ലക്ഷം തുക വീതം ആക്കിയിട്ടുണ്ട്. ജില്ലയിലെ മികച്ച സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകൾക്കുള്ള അവാർഡ് തുക 15,000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

2007 മുതൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഐടി കലോത്സവവും പ്രത്യേകമായി നടത്തിവരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംസ്ഥാന ഐടി മേള തിരുവനന്തപുരം ടെക്നോപാർക്കിൽ വച്ചാണ് നടത്തിയിരുന്നത്. 2009-10 അധ്യയനവർഷം മുതൽ ഐടി മേളയും വിദ്യാഭ്യാസ ഉപജില്ലാതലംമുതൽ നടത്തുന്നുണ്ട്.

- **ഇ – ഗവേർണൻസ് പ്രവർത്തനങ്ങൾ**

ഐടി@സ്കൂൾ പ്രോജക്ട് പൊതുവിദ്യാഭ്യാസവകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇ-ഗവേർണൻസ് വിശദാംശങ്ങൾ താഴെപ്പറയുന്നു :

*__എല്ലാ സ്കൂളുകൾക്കും ലാപ്ടോപ്__ - സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂൾ/ഹയർ/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ലാപ്ടോപ് ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്കായി കമ്പ്യൂട്ടർ ലാബിലേക്ക് പോകുന്നതിനുപകരം ക്ലാസ്മുറികളിലേക്ക് ലാപ്ടോപ് എത്തിച്ച് പഠനം നടത്തുന്നതിനായാണ് സ്കൂളുകൾക്ക് ഇത് ലഭ്യമാക്കുന്നത്. ഐ.സി.ടി പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ ആവശ്യപ്പെടുന്നതിനുസരിച്ച് ലാപ്ടോപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

* **ഓൺലൈൻ സ്ഥലംമാറ്റവും നിയമനവും –** 2008-09 അധ്യയനവർഷം മുതൽ സംസ്ഥാനത്തെ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/എ.ഇ.ഒ, അധ്യാപകർ എന്നിവരുടെ സ്ഥലംമാറ്റവും നിയമനവും ഓൺലൈനായി നടപ്പിലാക്കിവരികയാണ്.

*__സമ്പൂർണ കായികക്ഷമതാ പദ്ധതി –__ സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികളുടെ കായികക്ഷമത സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവ ക്രോഡീകരിച്ച് വിവിധ റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനായി സമ്പൂർണ കായികക്ഷമതാ പദ്ധതി (Total Physical Fitness Programme) കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

*__പ്രീ–മെട്രിക് സ്കോളർഷിപ്പ് –__ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീ-മെട്രിക് സ്കോളർഷിപ്പിലേക്ക് സംസ്ഥാനത്തുനിന്ന് ലഭിച്ച അപേക്ഷകളുടെ ബാഹുല്യം സ്കോളർഷിപ്പിന് അർഹതപ്പെട്ടവരെ കണ്ടെത്തുന്നതിനുള്ള പ്രക്രിയ ഒരു സോഫ്റ്റ്വെയറിന്റെ സഹായത്താലാക്കുന്നതിന് ഇടയായി. ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുമായി പ്രോജക്ട് ഓൺലൈൻ സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തിയിരുന്നു.

***ഓൺലൈൻ ടെക്സ്റ്റ്ബുക്ക് ഇന്റന്റിംഗ്** – സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും അംഗീകൃത അൺഎയ്ഡഡ് ഹൈസ്കൂളുകളിലേക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഓൺലൈനായി പ്രോജക്ട് ഒരുക്കിയ സംവിധാനമാണിത്. ഇതിന്റെ ഫലമായി പാഠപുസ്തകങ്ങളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്കും ലഭ്യതയും ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

***സ്പാർക്ക്** – പൊതുവിദ്യാഭ്യാസ വകുപ്പിൽ 'സ്പാർക്ക്' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 80000 ജീവനക്കാരുടെ സർവ്വീസ് ബുക്ക് ഡിജിറ്റലൈസ് ചെയ്തു. സംസ്ഥാനത്തെ 12000ത്തോളം സ്കൂളുകളിലും ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

***കേരള സ്കൂൾ കലോത്സവം** – കേരള സ്കൂൾ കലോത്സവ പ്രവർത്തനങ്ങൾ ഇപ്പോൾ ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്താലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 2009-10 അധ്യയനവർഷംമുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയറധിഷ്ഠിതമായി ഓൺലൈനായി സ്കൂൾ കലോത്സവ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ മറ്റ് സൗകര്യങ്ങൾ എന്നിവ പ്രോജക്ട് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്.

***ഉച്ചഭക്ഷണപരിപാടി** – സ്കൂളുകളിലെ ഉച്ചഭക്ഷണപരിപാടി ഓൺലൈനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

***ഹാർഡ്‌വെയർ പരിപാലനത്തിന് കോൾസെന്ററും പോർട്ടലും*** -

സ്കൂളുകളിലെ ഹാർഡ്‌വെയർ ഉപകരണങ്ങളുടെ തകരാറുകൾ പരിഹരിക്കുന്നതിനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി കെൽട്രോണിന്റെ നേതൃത്വത്തിൽ ടോൾഫ്രീ കോൾസെന്ററും (1800-425-9696) പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക പോർട്ടലും (http://sc.keltron.org, www.itschool.gov.in) നടപ്പിലാക്കിയിട്ടുണ്ട്.

- **ഹാർഡ്‌വെയർ ക്ലിനിക്ക്**

സംസ്ഥാനത്തെ സ്കൂളുകളിലേക്ക് ഐ.ടി@സ്കൂൾ പ്രോജക്ടും മറ്റ് വിവിധ ഏജൻസികൾ മുഖേനയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നുണ്ട്. എന്നാൽ നിസാര തകരാറുമൂലം പ്രവർത്തിക്കാതെയുള്ള ഇത്തരം ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് മുൻകാലങ്ങളിൽ യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല. എന്നാൽ ഇത്തരം ഉപകരണങ്ങൾ 2007-08 അധ്യയനവർഷംമുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് ഐ.ടി@സ്കൂൾ പ്രോജക്ട് ജില്ലകൾതോറും ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്തുന്നുണ്ട്. ഐ.സി.ടി സ്കീമിന്റെ ഭാഗമായി എല്ലാ സർക്കാർ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ഐ.സി.ടി പദ്ധതിയിൽ ചേർന്നിട്ടുള്ള എയ്ഡഡ് വിദ്യാലയങ്ങളിലെയും ഹാർഡ്‌വെയർ ഉപകരണങ്ങളുടെ തകരാറ് ഹാർഡ്‌വെയർ ക്ലിനിക്കിൽ പരിഹരിക്കുന്നു. പദ്ധതിയിലുൾപ്പെട്ട എല്ലാ സ്കൂളുകൾക്കും ഈ സൗകര്യം സൗജന്യമായി ലഭ്യമാക്കുന്നു.

## സ്കൂൾവിക്കി

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളുടെയും ചരിത്രം ഉൾപ്പെടെയുള്ള വിവരങ്ങൾ ഓൺലൈനിൽ 'വിക്കിപീഡിയ' മാതൃകയിൽ 'സ്കൂൾവിക്കി' എന്നപേരിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല പരിശീലനവും ജില്ലാതല പരിശീലനവും നൽകി സ്കൂൾതലത്തിൽ അധ്യാപകർക്കും വിദ്യാർഥികൾക്കും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിന് കഴിയുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. www.schoolwiki.in എന്നാണ് സ്കൂൾവിക്കിയുടെ വിലാസം.

## ഭരണനിർവഹണം.

വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി@സ്കൂൾ പ്രോജക്ടിന് ഒരു ഡയറക്ടറേറ്റും എറണാകുളം ഇടപ്പള്ളിയിൽ ഒരു റീജിയണൽ ഓഫീസും 14 ജില്ലാ ഓഫീസുകളും ആണ് ഉള്ളത്. ഡയറക്ടറേറ്റ് തിരുവനന്തപുരം പൂജപ്പുര എസ്.സി.ഇ.ആർ.ടി ബിൽഡിംഗിൽ സ്ഥിതിചെയ്യുന്നു. ജില്ലാ ഓഫീസുകളുടെ മേധാവിമാരെ ജില്ലാ കോർഡിനേറ്റർമാർ എന്ന് അറിയപ്പെടുന്നു. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ജില്ലാ ഓഫീസുകൾ മുഖേന അപ്പപ്പോൾത്തന്നെ എല്ലാ കേന്ദ്രങ്ങളിലും അറിയിക്കുന്നതും അതിന്റെ മേൽനോട്ടം വഹിക്കുന്നതും ജില്ലാ കോർഡിനേറ്റർമാരാണ്.

- **ഐ.സി.ടി. സെൽ**

പ്രോജക്ട് ഹയർ സെക്കണ്ടറി മേഖലയിലേക്കുകൂടി വ്യാപിപ്പിച്ചത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാന പ്രോജക്ട് ഓഫീസിൽ ഹയർ സെക്കണ്ടറി വിഭാഗത്തിനുമാത്രമായി ഒരു പ്രത്യേക ഐ.സി.ടി സെല്ലിന്റെ പ്രവർത്തനവും ലഭ്യമാക്കിയിട്ടുണ്ട്.

- **ജില്ലാ ഓഫീസുകൾ**

പ്രോജക്ടിന്റെ പ്രവർത്തനം ജില്ലകളിൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ജില്ലയിലും ഐ.ടി@സ്കൂൾ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ഓഫീസുകളുടെ ചുമതല ജില്ലാ കോർഡിനേറ്റർമാർക്കാണ്. ജില്ലാ ഓഫീസുകളോടുചേർന്ന് ജില്ലാ റിസോഴ്സ് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രത്തിന്റെ സേവനം ജില്ലയിലുള്ള അധ്യാപകർക്കും വിദ്യാർഥികൾക്കും മറ്റ് ഡിപ്പാർട്ട്മെന്റുകളിലെ ആളുകൾക്കും മുൻകൂട്ടി ലഭ്യത ഉറപ്പുവരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ജില്ലകളിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതും മോണിറ്ററിംഗ് നടത്തുന്നതും ജില്ലാ ഓഫീസുകൾ മുഖേനയാണ്.

## ജില്ലാ ഓഫീസുകളുടെ വിലാസവും ഫോൺനമ്പരും

| ക്രമ നമ്പർ | ജില്ല | വിലാസം | ഫോൺ |
|---|---|---|---|
| 1 | തിരുവനന്തപുരം | ഗവ. ബധിരവിദ്യാലയം, ജഗതി, തൈക്കാട്.പി.ഒ, തിരുവനന്തപുരം-14<br>e-mail: tvm@itschool.gov.in | 0471-2337307 |
| 2 | കൊല്ലം | ഗവ. എസ്.എൻ.ഡി.പി. യു.പി. സ്കൂൾ, പട്ടത്താനം പി.ഒ., കൊല്ലം-691021<br>e-mail: klm@itschool.gov.in | 0474-2743066 |
| 3 | പത്തനംതിട്ട | ഡയറ്റ് ബിൽഡിംഗ്, തിരുവല്ല, പത്തനംതിട്ട-689101<br>e-mail: pta@itschool.gov.in | 0469-2740575 |
| 4 | ആലപ്പുഴ | ഗവ. ഗേൾസ് എച്ച്.എസ്, ആലപ്പുഴ<br>e-mail: alp@itschool.gov.in | 0477-2230210 |
| 5 | കോട്ടയം | ഗവ. മോഡൽ എച്ച്.എസ്. വയസ്കരക്കുന്ന്, കോട്ടയം<br>e-mail: ktm@itschool.gov.in | 0481-2564641 |
| 6 | ഇടുക്കി | ഡയറ്റ് ബിൽഡിംഗ്, തൊടുപുഴ, ഇടുക്കി-685584<br>e-mail: idk@itschool.gov.in | 0486-2227463 |
| 7 | എറണാകുളം | ഗവ. ഗേൾസ് എച്ച്.എസ്.എസ്. സൗത്ത് റെയിൽവേ സ്റ്റേഷനുസമീപം, എറണാകുളം<br>e-mail: ekm@itschool.gov.in | 0484-2378397 |
| 8 | തൃശൂർ | ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്, ഈസ്റ്റ് ഗേറ്റ്, പാലസ് റോഡ്, തൃശൂർ<br>e-mail: tsr@itschool.gov.in | 0487-2327159 |
| 9 | പാലക്കാട് | പി.എം.ജി. എച്ച്.എസ്, പാലക്കാട്-1<br>e-mail: pkd@itschool.gov.in | 0491-2520085 |
| 10 | മലപ്പുറം | ബി.3 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, മലപ്പുറം<br>e-mail: mlp@itschool.gov.in | 0483-2731692 |
| 11 | കോഴിക്കോട് | ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്, സിവിൽസ്റ്റേഷൻ, കോഴിക്കോട്<br>e-mail: kkd@itschool.gov.in | 0495-2376543 |
| 12 | വയനാട് | ജി.എച്ച്.എസ്.എസ്, പനമരം, പനമരം പി.ഒ, വയനാട്-670721<br>e-mail: wyd@itschool.gov.in | 04935-220191 |
| 13 | കണ്ണൂർ | ജി.വി.എച്ച്.എസ്.എസ്, കണ്ണൂർ<br>e-mail: knr@itschool.gov.in | 0497-2701516 |
| 14 | കാസർഗോഡ് | ഗവ. ഗസ്റ്റ് ഹൗസിനു സമീപം, കാസർഗോഡ്<br>e-mail: kgd@itschool.gov.in | 04994-225931 |

## എഡ്യൂസാറ്റ് ശൃംഖലയും വിക്ടേഴ്സ് ചാനലും

ദക്ഷിണേന്ത്യയിൽ പൂർണ്ണമായും ലഭ്യമാകുന്ന മലയാളത്തിലെ സമ്പൂർണ്ണ വിദ്യാഭ്യാസ ചാനലാണ് വിക്ടേഴ്സ്. കേരളത്തിലെ ഗ്രാമങ്ങളിലുൾപ്പെടെ പ്രാദേശിക കേബിൾ ശൃംഖലയിലൂടെ ചാനൽ ലഭ്യമാകുന്നു. ഇതിനു പുറമെ Direct-to-Home (DTH) സംവിധാനത്തിലൂടെ ഡിഷ് ആന്റിന സ്ഥാപിക്കുന്ന ഏതൊരാൾക്കും വിക്ടേഴ്സ് ലഭ്യമാകും. കേരളത്തിലെ രണ്ടായിരത്തോളം സർക്കാർ-എയ്ഡഡ് സ്ക്കൂളുകളിലും ROT (Receive Only Terminal) യിലൂടെ കുട്ടികൾക്കും അധ്യാപകർക്കും ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ കാണാൻ കഴിയും. ദിവസവും രാവിലെ 6 മണി മുതൽ രാത്രി 11 മണിവരെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നുണ്ട്.

പാഠ്യ വിഷയങ്ങളെ അധികരിച്ചുള്ള പരിപാടികൾക്ക് പുറമെ കുട്ടികളുടെ വിജ്ഞാനം വർദ്ധിപ്പിക്കാനും വിനോദ താത്പര്യങ്ങൾ സംരക്ഷിക്കാനും ചാനലിലെ പരിപാടികൾ ഉപകരിക്കുന്നു. കേരളത്തെ സംബന്ധിച്ച ഡോക്യുമെന്ററികൾ, വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖം, കഥ, കവിത, സംഗീതം തുടങ്ങി എല്ലാ മേഖലകളെയും സ്പർശിക്കുന്ന പരിപാടികൾ ചാനലിലൂടെ നല്കുന്നതിനാൽ കുട്ടികളും അധ്യാപകരും മാത്രമല്ല രക്ഷകർത്താക്കളുൾപ്പെട്ട പൊതുസമൂഹവും വിക്ടേഴ്സ് കാണാൻ താത്പര്യപ്പെടുന്നുണ്ട്.

### എഡ്യൂസാറ്റ്

വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾക്കു മാത്രമായി എഡ്യൂസാറ്റ് എന്ന കൃത്രിമ ഉപഗ്രഹം 2004 സെപ്തംബർ 20 നാണ് ഭാരതം ബഹിരാകാശത്ത് എത്തിച്ചത്. എഡ്യൂസാറ്റിന്റെ സാധ്യത ഉപയോഗപ്പെടുത്തി സ്കൂൾ - കോളേജ് വിദ്യാഭ്യാസ രംഗത്ത് കേരളം പുതിയൊരു വിദ്യാഭ്യാസ വിപ്ലവത്തിന് തുടക്കമിട്ടു. എഡ്യൂസാറ്റ് സൗകര്യങ്ങൾ കേരളത്തിലെ സ്ക്കൂൾ വിദ്യാഭ്യാസ മേഖലയിൽ എത്തിക്കുന്നതിനുള്ള പദ്ധതിയുടെ ഉദ്ഘാടനം 2005 ജൂലൈ 28 ന് രാഷ്ട്രപതി ഡോ. എ.പി.ജെ.അബ്ദുൾ കലാം തിരുവനന്തപുരത്ത് നിർവഹിച്ചു.

കേരളത്തിൽ ആദ്യം എല്ലാ ജില്ലകളിലുമായി 15 ഉപഗ്രഹ വിനിമയ കേന്ദ്രങ്ങൾ (Satellite Interactive Terminal) സജ്ജീകരിച്ചു. ഈ കേന്ദ്രങ്ങൾ ETC (EDUSAT Training Centre) എന്നും അറിയപ്പെടുന്നു. തിരുവനന്തപുരത്തെ സംസ്ഥാന സ്റ്റുഡിയോ കൂടാതെ ആറ്റിങ്ങലിലും ആലപ്പുഴ മുഹമ്മദൻസ് ഗേൾസ് ഹൈസ്കൂൾ, പാലക്കാട് ഒറ്റപ്പാലം ഈസ്റ്റ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ സയൻസ് പാർക്ക് എന്നിവിടങ്ങളിലും മറ്റു ജില്ലകളിൽ ജില്ലാ ഓഫീസിനോടുചേർന്നുമാണ് എഡ്യൂസാറ്റ് പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഇടുക്കി ജില്ലയിൽ തൊടുപുഴയിലും കട്ടപ്പനയിലും ETC-കളുണ്ട്. മോണിറ്ററിംഗ്, മൂല്യനിർണ്ണയം, ഭരണ നിർവ്വഹണം എന്നീ മേഖലകളിലും ഈ കേന്ദ്രങ്ങളിലെ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. തിരുവനന്തപുരത്തെ പ്രധാന കേന്ദ്രത്തിൽ നിന്നും ഈ ഉപഗ്രഹ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്. സംസ്ഥാനത്തുടനീളം ഒരേതരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പരിശീലനത്തിന്റെ വിവിധ തലങ്ങളിൽ എത്തുമ്പോഴുള്ള ഉള്ളടക്ക ചോർച്ച കുറയ്ക്കുന്നതിനും ഇതുമൂലം കഴിയുന്നുണ്ട്. വളരെ ചുരുങ്ങിയ സമയവും വിഭവശേഷിയും കൊണ്ട് വളരെ കൂടുതൽ അധ്യാപകർക്ക് ഈ സംവിധാനത്തിലൂടെ പരിശീലനം നൽകാൻ കഴിയും. വിദ്യാഭ്യാസ ഓഫീസർമാർ,

സ്ക്കൂൾ മേധാവികൾ, അധ്യാപകർ തുടങ്ങിയവർക്ക് ഉന്നത ഉദ്യോഗസ്ഥരുമായി സംവദിക്കാനും കോൺഫറൻസുകൾ നടത്തുന്നതിനും സാധ്യമായതോടെ വിദ്യാഭ്യാസ മേഖലയിലെ വികസന, പരിഷ്ക്കരണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ താഴേത്തട്ടിലേയ്ക്ക് എത്തിക്കാൻ എഡ്യൂസാറ്റ് വഴി സാധിക്കുന്നുണ്ട്. സംസ്ഥാന ത്തുടനീളമുള്ള നൂറുകണക്കിന് കുട്ടികളെയും അധ്യാപകരെയും പങ്കെടുപ്പിച്ചു കൊണ്ട് ഇന്ററാക്ടീവ് ക്ലാസുകൾ നടത്താൻ ഈ സംവിധാനം ഉപയോഗിക്കുന്നുണ്ട്.

## വിക്ടേഴ്സ് ചാനൽ

എഡ്യൂസാറ്റ് സൗകര്യങ്ങൾ കേരളത്തിലെ സ്ക്കൂൾ വിദ്യാഭ്യാസ മേഖലയിൽ എത്തിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് വിക്ടേഴ്സ് (ViCTERS - Virtual Classroom Technology on EDUSAT for Rural Schools).

2006 ആഗസ്റ്റ് മൂന്നിന് കേരള മുഖ്യമന്ത്രി ശ്രീ. വി.എസ്.അച്യുതാനന്ദനാണ് ഈ ചാനൽ ഉത്ഘാടനം ചെയ്തത്. തുടക്കത്തിൽ സ്ക്കൂളുകളിലെ സ്വീകരണമാത്ര കേന്ദ്രങ്ങളിൽ (ROT - Receive Only Terminal) മാത്രമാണ് പ്രോഗ്രാമുകൾ ലഭിച്ചു വന്നത്. ഇതിനായി ഒരു ഡിഷും സെറ്റ് ടോപ്പ് ബോക്സും ടെലിവിഷനും രണ്ടായിരത്തിലേറെ സ്ക്കൂളുകളിൽ സജ്ജമാക്കുകയുണ്ടായി. ഇത് ഡയറക്ട്-ടു-ഹോം സംവിധാനമാണ്. ഈ സംവിധാനം ഉപയോഗപ്പെടുത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും ചാനൽ ലഭ്യമാകും. ഡിഷിനും സെറ്റ് ടോപ്പ് ബോക്സിനും കൂടി ഏകദേശം മൂവായിരം രൂപയുടെ ചിലവേ വരുകയുള്ളൂ, ടി.വി. സ്വന്തമായുണ്ടാവണം. വായനശാലകളിലും തദ്ദേശഭരണ വകുപ്പുകളുടെ പാർക്കുകളിലും പൊതുസ്ഥലങ്ങളിലും മറ്റും ഈ സംവിധാനം ഏർപ്പെടുത്താൻ കഴിയും.

പ്രാദേശിക കേബിൾ ശൃംഖലയിലൂടെ വീടുകളിൽ ചാനൽ എത്താൻ തുടങ്ങിയത് 2007 ജനുവരി മുതലാണ്. ഇപ്പോൾ സംസ്ഥാനത്തെ മിക്ക പ്രദേശങ്ങളിലും കേബിൾവഴി ചാനൽ ലഭ്യമാണ്. എസ്.എസ്.എൽ.സി പരീക്ഷ ഒരുക്കം, മെഡിക്കൽ-എഞ്ചിനിയറിംഗ് കോഴ്സ് ചോദ്യോത്തര അവലോകനം, കേരള സ്കൂൾ കലോത്സവം തത്സമയ സംപ്രേഷണം തുടങ്ങിയവ ചാനലിന്റെ ജനപ്രീതി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശാസ്ത്രം, സാങ്കേതികവിദ്യ, ഭാഷ, ചരിത്രം, സംഗീതം, സിനിമ തുടങ്ങി എല്ലാ മേഖലകളിൽ നിന്നുമുള്ള പരിപാടികൾ ഇപ്പോൾ ചാനലിലൂടെ അവതരിപ്പിക്കപ്പെടുന്നു. നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികളും അധ്യാപകരും ഇതിലൊക്കെ പങ്കെടുക്കുന്നു. സ്കൂളുകളിലെ വീഡിയോ ക്യാമറ ഉപയോഗിച്ച് പരിപാടികൾ തയാറാക്കി അയച്ചു തരുകയും ചെയ്യുന്നുണ്ട്.

ജർമ്മനിയിലെ അന്താരാഷ്ട്ര ടെലിവിഷനായ ഡൊയ്ഷെവെല്ലെ, മൗസ് ടി.വി. എന്നിവയുടെ പരിപാടികളും ഇപ്പോൾ വിക്ടേഴ്സിൽ ലഭ്യമാണ്. അറിവിന്റെ ലോകം വിപുലമാക്കാൻ ഉതകുന്ന മറ്റനേകം പരിപാടികളും വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്നുണ്ട്.

വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി എസ്.ഐ.ഇ.ടി. തയ്യാറാക്കിയ പരിപാടികൾ, നാഷണൽ ടാലന്റ് സേർച്ച് പരീക്ഷാ പരിശീലനം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് തയാറാക്കിയ ജില്ലകളിലൂടെ, മഹത്വ്യക്തികൾ

തുടങ്ങിയ പരിപാടികൾ, വിവരസാങ്കേതികവിദ്യയുടെ വിവിധ വശങ്ങൾ പ്രതിപാദിക്കുന്ന സൈബർ ഹൈവേ, വിശിഷ്ട വ്യക്തികളുമായി കുട്ടികൾ അഭിമുഖം നടത്തുന്ന അതിഥിയോടൊത്ത് അല്പനേരം, വ്യത്യസ്ത വിഷയങ്ങൾ പഠിപ്പിക്കുന്ന തുള്ളികൾ, ശാസ്ത്രകൗതുകം, ശാസ്ത്രമുത്തുകൾ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തുടങ്ങിയവ ശ്രദ്ധേയങ്ങളായ പരിപാടികളാണ്.

കഥപറയും നേരം, പേൾസ് ഓഫ് അവർ കൺട്രി, ഓർമ്മയിലെ മലയാളം, വിദ്യാഭ്യാസ വാർത്തകൾ, ക്വിസ് ടൈം, ഇന്നലെകളിലെ ഇന്ന്, മീറ്റ് ദ ടോപ്പേഴ്സ്, ഭാഷാപരിചയം, തൊഴിൽ വാർത്തകൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളാണ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്നത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തയാറാക്കിയ 'നൂറുമേനി', നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് 50-ലധികം വിശ്വോത്തര ക്ലാസിക് ചിത്രങ്ങൾ എന്നിവയും സംപ്രേഷണം ചെയ്തുവരുന്നു. അങ്ങനെ വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി ഒരു ടി.വി. ചാനൽ എന്ന ലക്ഷ്യത്തിലേക്ക് ഐ.ടി.@സ്കൂൾ വിക്ടേഴ്സ് മുന്നേറുകയാണ്.

## ലഭ്യമാക്കുന്ന സേവനങ്ങൾ

- സ്കൂളുകൾ, കോളേജുകൾ, മറ്റുസ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർ തയാറാക്കുന്ന വീഡിയോ പരിപാടികളുടെ DVD കാസറ്റുകൾ ലഭ്യമാക്കിയാൽ തെരഞ്ഞെടുക്കപ്പെടുന്നവ ടെലികാസ്റ്റിംഗ് ഫീസ് ഈടാക്കാതെ വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യും.
- വിക്ടേഴ്സിൽ നിർമ്മിച്ച വിദ്യാഭ്യാസ പരിപാടികളുടെ സിഡികൾ ചെലവുതുക ഈടാക്കിക്കൊണ്ടോ പ്രോജക്ട് നിശ്ചയിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചോ പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്.
- ശ്രദ്ധേയമായ വിവരങ്ങൾ പൊതുജനങ്ങൾ നൽകുകയാണെങ്കിൽ അത്തരം പരിപാടികൾ ഡോക്യുമെന്റ് ചെയ്ത് ചാനലിലൂടെ സംപ്രേഷണം ചെയ്യാൻ ശ്രമിക്കുന്നതാണ്.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് വീഡിയോ പരിപാടികൾ തയാറാക്കുക, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയവ ചെയ്യുന്നുണ്ട്.

---

**വിക്ടേഴ്സ് ചാനൽ – സാങ്കേതിക വിവരങ്ങൾ** :

Satellite - EDUSAT, Position - 74-Degree East, Azimuth - 190 Degree, Freequency - 10978 MHz., Polarization - Vertical. Symbol Rate - 3 MSPS (3000 KSPS)

**ദൂരദർശൻ DTH-ൽ വിക്ടേഴ്സ് ലഭിക്കുവാൻ**

180 സെ.മി. വലിപ്പമുള്ള ആന്റിനയും എൽ.എൻ.ബി.യും സെറ്റ്ടോപ്പ് ബോക്സുമുള്ള DTH-ൽ 125 രൂപാ മുടക്കി ഒരു KU Band LNB കൂടി ഘടിപ്പിച്ചാൽ വിക്ടേഴ്സ് ലഭ്യമാകും.

- **ബഹുമതികൾ**

2006-ൽ ദേശീയ ഇ-ഗവേണൻസ് അവാർഡ്, 2007-ൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുപയോഗിച്ചുള്ള മികച്ച പദ്ധതികൾക്കായി ഏർപ്പെടുത്തിയ 'The World is Open' ദേശീയ പുരസ്കാരം, 2008-ൽ ഡിജിറ്റൽ ലേണിംഗ് വിഭാഗത്തിൽ ഇന്ത്യയിലെ മികച്ച സർക്കാർ ഐ.ടി സംരംഭത്തിനുള്ള 'e-India 2008' അവാർഡ്, വിദ്യാഭ്യാസരംഗത്ത് ഓപ്പൺ ഡോക്യുമെന്റ് ഫോർമാറ്റിന് ഐ.ടി@സ്കൂൾ പ്രോജക്ട് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് 2009-ൽ ലഭിച്ച 'ODF Alliance' അന്താരാഷ്ട്ര അവാർഡ് എന്നിവ ഐടി@സ്കൂൾ പ്രോജക്ടിന് ലഭിച്ച ചില ബഹുമതികളാണ്.

**പ്രധാന ഫോൺനമ്പരുകൾ**

| | |
|---|---|
| ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ | 0471 - 2529800 (ഓഫീസ്) |
| ഓഫീസ് | 0471 - 2529800<br>0471 - 2529810 (ഫാക്സ്) |
| ഇ-മെയിൽ | contact@itschool.gov.in |
| വിക്ടേഴ്സ് ചാനൽ | 0471 - 2345028<br>0471 - 2529800 |
| റീജിയണൽ ഓഫീസ്, എറണാകുളം | 0484 - 2334950 |

ഐ.ടി@സ്കൂളിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ
www.education.kerala.gov.in, www.itschool.gov.in എന്നീ
വെബ്സൈറ്റുകളിൽ ലഭ്യമാണ്.
ഇ-മെയിൽ : contact@itschool.gov.in